## വിവരാവകാശ നിയമം നടപ്പിലാക്കുന്നതിൽ വീഴ്ച

15 (3304) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരാവകാശ നിയമം നടപ്പിലാക്കുന്നതിൽ പല ഉദ്യോഗസ്ഥരും വീഴ്ചവരുത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) ഈ നിയമം പാലിക്കുന്നതിൽ ഉദ്യോഗസ്ഥരെ കൂടുതൽ ഉത്തരവാദിത്വബോധമുള്ളവരാക്കാൻ കമ്മീഷൻ സമർപ്പിക്കുന്ന ശുപാർശകൾ നടപ്പിലാക്കാറുണ്ടോ ;

(സി) വിവരാവകാശ അപേക്ഷകളിൽ കൈക്കൊണ്ട നിലപാട്, സംസ്ഥാന വിവരാവകാശ കമ്മീഷൻ ശിക്ഷിച്ചിട്ടുണ്ടോ എന്നീ കാര്യങ്ങൾ ഉദ്യോഗസ്ഥരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന കമ്മീഷന്റെ ശുപാർശ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ചില ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്ന് വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വിവരാവകാശ കമ്മീഷൻ സമർപ്പിക്കുന്ന ശുപാർശകളിന്മേൽ നിയമാനുസൃതമായ തുടർ നടപടികൾ സർക്കാർ എടുക്കാറുണ്ട്.

(സി) വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തുന്ന സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതിന് നിയമത്തിൽത്തന്നെ വ്യവസ്ഥകളുണ്ട്. ഇതുപ്രകാരം ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ പിഴയടക്കമുള്ള ശിക്ഷാനടപടികൾ എടുത്തുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ വിവരാവകാശ കമ്മീഷന്റെ പ്രസ്തുത ശുപാർശയിന്മേൽ സർക്കാർ തീരുമാനമൊന്നുമെടുത്തിട്ടില്ല.

## പൊതു ഭരണത്തിൽ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനുള്ള നടപടികൾ

16 (3305) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുഭരണത്തിൽ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആയതിനായി ന്യായവും വിശ്വസ്തവുമായ മാനദണ്ഡം Page 2 of 2 ആവിഷ്ക്കരിക്കുന്ന കാര്യം ആലോചിക്കുമോ ; വിശദമാക്കുമോ ;

(സി) ആയതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനായി വാർഷിക കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമ്പ്രദായം നിലവിലുണ്ട്. ഈ സംവിധാനത്തിൽ റിപ്പോർട്ടിംഗ് ഓഫീസർമാർ തങ്ങളുടെ കീഴിൽ ജോലി ചെയ്യുന്ന, ഉയർന്ന തസ്തികയിലേക്ക് നിയമനത്തിന് തെരഞ്ഞെടുക്കലിലൂടെ അർഹരാകുന്ന ജീവനക്കാരുടെ വ്യക്തിഗത പ്രവർത്തനങ്ങൾ വിലയിരുത്തി വിശദാംശങ്ങൾ നിർദ്ദിഷ്ട ഫോറത്തിൽ രേഖപ്പെടുത്തി മേലധികാരിക്ക്/റിവ്യൂവിംഗ് ഓഫീസർക്ക് സമർപ്പിക്കുകയും മേലധികാരി റിവ്യൂവിംഗ് ഓഫീസർ പ്രസ്തുത റിപ്പോർട്ട് റിവ്യൂ ചെയ്യുകയും ചെയ്യുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാർക്ക് വ്യക്തിഗത പ്രവർത്തനം വിലയിരുത്തി പ്രൊമോഷൻ നൽകുന്നത്.

(ബി&സി) കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഫോറം പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുകയും തൽക്കാലം നിലവിലുള്ള രീതി തുടരുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**സേവനാവകാശ നിയമം**

17 (3306) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സേവനാവകാശ നിയമം കൊണ്ട് പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ?

ഉത്തരം

കേരള സംസ്ഥാന സേവനാവകാശ നിയമം, 2012, 2(ജി) വകുപ്പുപ്രകാരം തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമോ, അതത് സമയം സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമോ ഏതെങ്കിലും സർക്കാർ വകുപ്പോ അതിൻ കീഴിലോ അല്ലെങ്കിൽ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനമോ ഒരു സംസ്ഥാന പൊതുമേഖലാ സ്ഥാപനമോ ഒരു നിയമാധിഷ്ഠിത നികായമോ പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യേണ്ടതും ടി നിയമം 3-ാം വകുപ്പിനു കീഴിൽ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ സേവനങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly